ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്പെഷ്യൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. കൊട്ടാരക്കരയിൽ വളരെവേഗം പൂർത്തിയാക്കുവാനുള്ള കാരണം ഞാൻ പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. എ. ശിവരാമഭാരതി: ഇലക്ഷൻ കമ്മീഷൻ കഴിഞ്ഞ ജനുവരിയിൽ എല്ലാ മണ്ഡലങ്ങളിലെയും വോട്ടർപട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ള സ്ഥിതിക്ക് മാടായിയിലും നിലമ്പൂരിലും തീയതി നിശ്ചയിക്കുന്നതിനു താമസമുണ്ടാകുന്നതിനുള്ള കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കൊട്ടാരക്കരയിൽ തിരഞ്ഞെടുപ്പു നടത്തുവാനുള്ള സാഹചര്യം ഞാൻ നേരത്തെ വിവരിച്ചുകഴിഞ്ഞു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എല്ലാം തയാറാക്കി ഇലക്ഷൻ കമ്മീഷനു അയയ്ക്കേണ്ടതായിരുന്നു. ഭരണഘടനാപരമായി മുഖ്യമന്ത്രി ഇലക്ഷനു നിൽക്കുന്ന സീറ്റായതുകാണ്ടാണ് മുഖ്യമന്ത്രി ഇത്ര ദിവസത്തിനുള്ളിൽ ഇലക്ടു ചെയ്തു വരണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് കൊട്ടാരക്കരയിലെ തിരഞ്ഞെടുപ്പു ആദ്യമേ നിശ്ചയിച്ചത്. മറ്റുള്ളിടത്ത് ഇലക്ഷൻ നടത്താതെ ഒഴിഞ്ഞുമാറാൻ സാധ്യമല്ല.

ശ്രീ. എം. കെ. ദിവാകരൻ: 1967-ൽ ഐക്യമുന്നണി ജനങ്ങളുടെ മുൻപിൽ വച്ച പരിപാടി നടപ്പാക്കാതെ ഇ. എം. എസ്. ഒഴിഞ്ഞുപോയത്കൊണ്ടല്ലേ അച്യുതമേനോന് ആ പരിപാടി നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറെടുക്കേണ്ടിവന്നത്?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: കൊട്ടാരക്കരയിലെ തിരഞ്ഞെടുപ്പിനെപ്പറ്റി ഇത്രയേറെ ബഹളങ്ങളുണ്ടാക്കുന്നത് മാർക്സിസ്റ്റു പാർട്ടിക്ക് അവിടെ സ്ഥാനാർത്ഥിയെ വേണമെന്ന് പരസ്യപ്പെടുത്തിയിട്ടു സ്ഥാനാർത്ഥിയെ കിട്ടാത്തതുകൊണ്ടല്ലേ

മി. സ്പീക്കർ: ആർഡർ, ആർഡർ. ആ ചോദ്യം അനുവദിക്കത്തക്കതല്ല.

(ബഹളം)

മി. സ്പീക്കർ: ആർഡർ, ആർഡർ. എല്ലാവരുംകൂടി ഇങ്ങനെ ബഹളം ഉണ്ടാക്കുന്നത് എന്തിനാണ്? ചോദ്യം അനുവദിച്ചില്ലല്ലോ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: നിലമ്പൂർ മണ്ഡലത്തിൽ ഭരണകക്ഷിക്ക് സ്വൽപ്പം സാധ്യത ഉണ്ടെന്നു സൂചിപ്പിച്ചുകൊണ്ട് സംസാരമുണ്ടായി. അങ്ങനെയാണെങ്കിൽ അങ്ങനെയൊരു നിയോജകമണ്ഡലം നിലമ്പൂർ കിടക്കുമ്പോൾ കൊട്ടാരക്കരയിലെ മെംബർ രാജിവച്ചത് എന്തുകൊണ്ടാണ്?

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇനി ഇതിന്റെ ചാൻസ് ഒക്കെ കൊട്ടാരക്കരെപോയി നോക്കിയാൽ മതി.

ആയുർവ്വേദാശുപത്രികൾ

* 166 [610] ശ്രീ. എം. കെ. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ ആയുർവ്വേദ ആശുപത്രികൾ നടപ്പുവർഷത്തിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly.

(ബി) കോട്ടയം ജില്ലാ ആയുർവ്വേദ ആശുപത്രി വികസിപ്പിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുമോ?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്ജ്):

(എ) ഈ സാമ്പത്തികവർഷത്തിൽ വൈക്കം, പെരുമ്പാവൂർ, കൊട്ടാരക്കര എന്നിവിടങ്ങളിലെ ആയുർവ്വേദ ആശുപത്രികളും വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 1970–71 ലെ ബഡ്ജറ്റ് പാസാക്കിയശേഷം ഇക്കാര്യം പരിഗണിക്കുന്നതായിരിക്കും.

ശ്രീ. എം. കെ. ജോർജ്ജ്: കോട്ടയം ജില്ലാ ആശുപത്രി എന്നുള്ള നിലയിൽ ഈ ആശുപത്രിക്ക് വളരെ പ്രാധാന്യം ഉള്ളതിനാലും വികസന സാധ്യതയുള്ള ആശുപത്രി എന്ന നിലയിലും ഈ ആശുപത്രിയിലെ ബഡ്ഡുകളും മറ്റു സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട മെംബർ കോട്ടയത്തെ ആശുപത്രിക്ക് പ്രാധാന്യമുണ്ടെന്നുള്ളതുകൊണ്ടു വികസിപ്പിക്കണമെന്നു പറഞ്ഞതു ശരിയാണ്. കോട്ടയം ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കൗൺസിലിൽ ഞാനും കൂടി ചേർന്ന് ഒരു പ്രമേയം ഈ ആവശ്യത്തിനുവേണ്ടി കൊണ്ടുവന്നിട്ടുമുണ്ട്. ബഡ്ജറ്റ് പാസായശേഷം നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. എം. കെ. ജോർജ്ജ്: ഈ സാമ്പത്തികവർഷത്തിൽ വല്ല ആയുർവ്വേദ ഡിസ്പെൻസറിയും തുറന്നു പ്രവർത്തിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാമാണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്ജ്: 36 ആയുർവ്വേദ ഡിസ്പെൻസറികളും തൃശൂർ, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലായി ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. അതാണ് തുറന്നിട്ടുള്ളത്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: മലബാർ പ്രദേശത്ത് 37 ആയുർവ്വേദ ഡിസ്പെൻസറികളും ആരംഭിക്കാൻ കഴിഞ്ഞ സമ്മേളനത്തിൽ സപ്ലിമെന്ററി ഡിമാൻറ് പാസാക്കി. ഇപ്പോഴും 27 എണ്ണമാണ് ആരംഭിച്ചിട്ടുള്ളത്. അതിനു കാരണമെന്താണ്?

ശ്രീ. കെ. എം. ജോർജ്ജ്: 27 അല്ല 36 എണ്ണം ആണ് ആരംഭിച്ചിട്ടുള്ളത്.

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: ഈ ഡിസ്പെൻസറികളിൽ പലതിലും വൈദ്യൻമാരും മരുന്നും ഇല്ലാത്തതുകൊണ്ട് ബുദ്ധിമുട്ടുണ്ട്. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ജോർജ്ജ്: ചില ഡിസ്പെൻസറികളും ഗവൺമെന്റ് ഏറ്റെടുത്തപ്പോൾ അവയിലെ വൈദ്യൻമാർ 65 വയസ്സു കഴിഞ്ഞവരായിരുന്നതുകൊണ്ട് അവരെ മാറ്റി ചിലയിടങ്ങളിൽ വേറെ ആളുകളെ നിയമിക്കേണ്ടതായിവന്നിട്ടുണ്ട്.

2/3022/MC.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: ആയുർവ്വേദ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുകളെ നിയമിക്കാതിരിക്കുന്നതുകൊണ്ട് ചികിൽസനടത്താൻ സൗകര്യമില്ലാതിരിക്കുകയാണ്. അതുകൊണ്ട് ഫാർമസിസ്റ്റുകളെ നിയമിക്കാൻ നടപടി എടുക്കുമോ?

[ശ്രീ. കെ. എം. ജോർജ്ജ്: എല്ലായിടത്തും ഫാർമസിസ്റ്റുകളെ നിയമിച്ചുകഴിഞ്ഞിട്ടില്ലെന്നുള്ള പരാതി കഴിഞ്ഞ നിയമസഭയിൽവന്നശേഷം, പി. എസ്. സി. റാങ്ക് നിശ്ചയിച്ച ലിസ്റ്റനുസരിച്ച് ഏറ്റവും വേഗം നിയമനം നടത്തണമെന്നു നിർദ്ദേശം കൊടുത്തിരുന്നതാണ്. അതനുസരിച്ചു നിയമനം നടന്നുവെന്നാണറിവ്. ഇല്ലെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാം.

[ശ്രീ. കെ. എ. ശിവരാമഭാരതി: മലപ്പുറത്തു പുതിയ ആശുപതികൾ തുറക്കുകയില്ല, ബെഡ്ഡ് വർദ്ധിപ്പിക്കാം എന്നു പറഞ്ഞിട്ടുണ്ട്. എന്നിട്ടു എന്തായി?

[ശ്രീ. കെ. എം. ജോർജ്ജ്: വൈക്കം, പെരുമ്പാവൂർ, കൊടകര, തത്തമംഗലം, തലശ്ശേരി എന്നിവിടങ്ങളിലെ ആശുപത്രികളാണ് വികസിപ്പിക്കുന്നത്. അതിൽ തത്തമംഗലം ബഹുമാനപ്പെട്ട ശിവരാമഭാരതി ചോദിച്ച സ്ഥലത്താണ്.

[ശ്രീ. ടി. കെ. കൃഷ്ണൻ: തൃശ്ശൂർ ഡിസ്ട്രിക്ടിൽ തളിക്കുളത്ത് ഒരു ആയുർവ്വേദ ആശുപത്രി തുടങ്ങണമെന്ന് ഡി. ഡി. സി. ശുപാർശ ചെയ്തിരുന്നു. അതിനു വിപരീതമായി കൊടകര ആശുപത്രി വികസിപ്പിക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്?

[ശ്രീ. കെ. എം. ജോർജ്ജ്: ഈ ഗവൺമെൻറ് വന്നശേഷം അങ്ങനെ തീരുമാനിച്ചിട്ടില്ല.

[ശ്രീ. ടി. കെ. കൃഷ്ണൻ: ഈ ഗവൺമെൻറ് വന്നശേഷമാണ് തീരുമാനിച്ചിരിക്കുന്നത്.

[ശ്രീ. കെ. എം. ജോർജ്ജ്: ഡി. ഡി. സി. ഒരിക്കൽ നിശ്ചയിച്ചശേഷം പിന്നെ ഡി. ഡി. സി. തന്നെ അഭിപ്രായം മാറ്റി നിശ്ചയിക്കുകയാണെങ്കിൽ ഗവൺമെൻറിന് ആ തീരുമാനം ആദരിക്കുകയല്ലാതെ മാർഗ്ഗമില്ല.

[ശ്രീ. ടി. കെ. കൃഷ്ണൻ: കൊടകര തിരഞ്ഞെടുത്തത് ഡി. ഡി. സി യുടെ നിർദ്ദേശപ്രകാരമാണോ?

[ശ്രീ. കെ. എം. ജോർജ്ജ്: ഞാൻ അറിഞ്ഞ് യാതൊരു തീരുമാനവും തിരുത്തിയിട്ടില്ല.

[ശ്രീ. വി. വി. കുഞ്ഞമ്പു: നീലേശ്വരത്ത് പരപ്പ എന്ന സ്ഥലത്ത് ഒരു ആയുർവ്വേദ ഡിസ്പെൻസറി ഉണ്ട്. അവിടെനിന്ന് അനധികൃതമായി ധാരാളം മരുന്ന് പുറത്തു വിൽപ്പന നടത്തുന്നതായി പരാതികിട്ടിയിട്ടുണ്ടോ?

മി. സ്പീക്കർ: ഇത് ആയുർവ്വേദാശുപത്രികളുടെ വികസനത്തെപ്പറ്റിയുള്ള ചോദ്യമാണ്.

[ശ്രീ. കെ. എം. ജോർജ്ജ്: എങ്കിലും മറുപടി പറയാം സർ. സാധാരണ ഒരു ആശുപത്രിയിലേക്കു കൊടുക്കുന്നതുതന്നെ ആയിരം--ആയിരത്തഞ്ഞൂറു

LIBRARY ARCHIVES Kerala Legislative Assembly

രൂപയ്ക്കുള്ള മരുന്നാണ്. അതിൽനിന്ന് ശ്രീ. വി. വി. കുഞ്ഞമ്പു പറയുന്നപോലെ മരുന്ന് കടത്തിക്കൊണ്ടുപോകാൻ കഴിയുമെന്നു തോന്നുന്നില്ല. ആവശ്യത്തിനുള്ളതു മാത്രമേ കൊടുക്കുന്നുള്ളു. പരാതി ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞങ്ങളെല്ലാം ഡി. ഡി. സി. യിൽ ഒരുമിച്ചിരുന്നിട്ടുള്ളപ്പോഴും ഡി. ഡി. സി. യുടെ പ്രാധാന്യത്തെപ്പറ്റി ഊന്നിപ്പറഞ്ഞിട്ടുള്ള മന്ത്രി ഡി. സി. ഡി. യുടെ തീരുമാനം മാറ്റിയത് എന്തുകൊണ്ടാണ്?

ശ്രീ. കെ. എം. ജോർജ്ജ്: ഡി. ഡി. സി. യുടെ തീരുമാനം മാറ്റിയില്ല. ഡി. ഡി. സി. തന്നെ ആദ്യം നിശ്ചയിച്ചത് പ്രയോറിറ്റി മാറ്റി തീരുമാനമെടുക്കുകയാണെങ്കിൽ അതിനെ ആദരിക്കുമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഡി. ഡി. സി. തീരുമാനിക്കാത്ത ആശുപത്രിയുടെകാര്യം പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്ജ്: അങ്ങനെ എന്റെ അറിവോടുകൂടി ചെയ്തിട്ടില്ലെന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. പി. ജോർജ്ജ്: കൊടകര മുതലായ സ്ഥലങ്ങളിൽ ഏതാനും ആയുർവ്വേദ ആശുപത്രികൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. വികസനത്തിന്റെ ഏതു രൂപമാണ് ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്താമോ?

ശ്രീ. കെ. എം. ജോർജ്ജ്: പത്ത് ബെഡ്ഡുകൾ ഉള്ളത് ഇരുപത് ബെഡ്ഡുകളായി വർദ്ധിപ്പിക്കുക, അതിനനുസരണമായി സ്റ്റാഫ്, മരുന്ന് മറ്റു സൗകര്യങ്ങൾ ഇവ വിപുലമാക്കുക അതാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. എം. മീതിയൻ: ആശുപത്രി വികസിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്തും നാട്ടുകാരും കെട്ടിടവും മറ്റും സംഭാവനചെയ്തിട്ടും വികസിപ്പിക്കുന്നില്ല. ചെറുവള്ളൂർ ആയുർവ്വേദ ഡിസ്പെൻസറി വികസിപ്പിക്കാതിരിക്കാൻ എന്താണ് കാരണം?

ശ്രീ. കെ. എം. ജോർജ്ജ്: പഞ്ചായത്തിൽനിന്ന് കെട്ടിടമോ സ്ഥലമോ ഒക്കെ തരാമെന്നു വാഗ്ദാനം ചെയ്യുന്നതുകൊണ്ട്മാത്രം ഒരു ഡിസ്പെൻസറി വികസിപ്പിക്കാൻ കഴിയുകയില്ല. മറ്റു കാര്യങ്ങളും പരിഗണിച്ചാണ് വികസിപ്പിക്കുന്നത്. ചെറുവത്തൂരിന്റെ കാര്യവും ആ അടിസ്ഥാനത്തിൽ പരിഗണിച്ചു വേണ്ടതുചെയ്യാം.

ശ്രീ. എം. കൃഷ്ണൻ: അലോപ്പതി ആശുപത്രികളിൽ സാങ്ഷൻഡ് സ്ട്രെങ്തിനെക്കാൾ കൂടുതൽ ബെഡ്ഡ് നൽകുന്നത് ആയുർവ്വേദാശുപത്രികളിൽ ചെയ്യുന്നില്ല, അതെന്താണ്?

ശ്രീ. കെ. എം. ജോർജ്ജ്: സാങ്ഷൻഡ് സ്ട്രെങ്തിൽ കൂടുതൽ ഉയർത്തുന്നതിന് നിയമം അനുവദിക്കുന്നില്ല. അതിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ച് ആലോചിച്ചു പറയാം.

ശ്രീ. എ. വി. ആര്യൻ: സർ, നേരത്തെ ഞാൻ ചോദ്യംചോദിക്കാൻ എഴുന്നേറ്റപ്പോഴൊന്നും എന്നെ വിളിച്ചില്ല. ചോദ്യം മാറ്റുകയുമാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: നേരത്തെ ചോദിച്ചിട്ടില്ലേ?

ശ്രീ. ഇ. അഹമ്മദ്: വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന ജില്ലാ ആശുപത്രികൾക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കാൻ പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. എം. ജോർജ്ജ്: ആശുപത്രികൾ ജില്ലാ ആശുപത്രികളായി ഉയർത്തുന്ന ഘട്ടത്തിൽ കെട്ടിടങ്ങളും ഉണ്ടാക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്. നാട്ടുകാർ കെട്ടിടങ്ങൾ ഓഫർചെയ്യുകയാണെങ്കിൽ അതും പരിഗണിക്കുന്നതാണ്. ഏറ്റവും വേഗം സ്വന്തം കെട്ടിടങ്ങൾ ഉണ്ടാക്കുക എന്നുള്ള നയമാണ് ഗവൺമെന്റ് അവലംബിച്ചിട്ടുള്ളത്.

ശ്രീ. എ. പി. കുര്യൻ: തൃശ്ശൂരിലുള്ള ആയുർവ്വേദ ആശുപത്രിയിൽ തലവേദനയ്ക്ക് മരുന്നിനു ചെന്നാൽ വയറിളകുന്നതിനുള്ള മരുന്നാണ് കൊടുക്കുന്നതെന്നുള്ള പരാതി ഗവൺമെന്റിലേക്കു കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഇതൊക്കെ മരുന്നു കൊടുക്കുന്ന കാര്യങ്ങളാണ് അതിനെപ്പറ്റി വൈദ്യൻമാർക്കേ അറിയാവൂ. അവിടെ മരുന്നു മാറികൊടുത്തതായും പരാതിപ്പെട്ടതായും ഫയലിൽ കാണുന്നില്ല.

ശ്രീ. എ. വി. ആര്യൻ: ഇക്കാര്യം ഇതിനുമുമ്പ് ഈ നിയമസഭയിൽ തന്നെ ഉന്നയിച്ചതാണ്. തൃശ്ശൂർ ആയുർവ്വേദാശുപത്രിയിൽ മരുന്നു സപ്ലൈ ചെയ്യുന്നതിനെപ്പറ്റി അന്വേഷിക്കാമെന്ന് മുൻആരോഗ്യമന്ത്രി മറുപടി പറഞ്ഞിട്ടുള്ളതാണ്. അതിൻമേൽ എന്തെങ്കിലും നടപടികൾ എടുത്തോ? എടുത്തിട്ടില്ലെങ്കിൽ എന്തെങ്കിലും നടപടികൾ എടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: മുൻആരോഗ്യമന്ത്രി പറഞ്ഞിട്ടുണ്ടായെന്നുള്ളതിനെപ്പറ്റിയൊന്നും ഫയലിൽ കാണുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട ആര്യൻ പറഞ്ഞതനുസരിച്ചു ചെയ്യാവുന്നത് ചെയ്യാം.

ശ്രീ. പി. കുഞ്ഞൻ: തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി ആയുർവ്വേദാശുപത്രി വികസിപ്പിക്കണമെന്ന് പറഞ്ഞ് വല്ല നിവേദനവും ഗവൺമെന്റിലേക്ക് കിട്ടിയിട്ടുണ്ടോ? ആ ആശുപത്രി വികസിപ്പിക്കാനുള്ള നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണ്?

ശ്രീ. കെ. എം. ജോർജ്: അങ്ങനെയൊരു നിവേദനവും ഗവൺമെന്റിന്റെ ദൃഷ്ടിയിൽ വന്നിട്ടില്ല. അതിനെപ്പറ്റി ആലോചിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. വി. കുട്ടികൃഷ്ണൻനായർ: കോഴിക്കോട്ടുജില്ലയിൽ ഒരു ആയുർവ്വേദാശുപത്രി തുടങ്ങുന്ന കാര്യം പ്രത്യേകം പരിഗണിക്കുമോ?

ശ്രീ. കെ. എം. ജോർജ്: തീർച്ചയായും പരിഗണിക്കാം.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: തിരുവനന്തപുരം ഡിസ്ട്രിക്ടിൽ നെടുമങ്ങാട് ആനാട്ടുള്ള ആയുർവ്വേദ ആശുപത്രി ഏകദിനം പണികഴിപ്പിക്കാമെന്ന് പറഞ്ഞിട്ട് ഇതുവരെയും അതിനുള്ള നടപടികളെടുക്കാത്തത് എന്തുകൊണ്ടാണ്?

ശ്രീ. കെ. എം. ജോർജ്: അത് ഈ ചോദ്യത്തിൽ പെടുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി ഓരോ ആയുർവ്വേദാശുപത്രികളിലും ആയിരത്തിയഞ്ഞൂറു രൂപയുടെ മരുന്നു വീതമാണ് സപ്ലൈ ചെയ്യുന്നതെന്ന്. അതു തീരെ അപര്യാപ്തമാണെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് കൂടുതൽ തുകയ്ക്കുള്ള മരുന്നുകൾ സപ്ലൈ ചെയ്യുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: 1500 രൂപയുടേത് എന്നു ഞാൻ പറഞ്ഞതു ക്ലിപ്തമായി കണക്കുകൂട്ടി നോക്കിയിട്ടല്ല. ആവശ്യാനുസരണം കൂടുതൽ തുക അനുവദിക്കുന്നതിനെപ്പറ്റി ആലോചിക്കാം. ശ്രീ. കുഞ്ഞമ്പുവിന്റെ ചോദ്യത്തിൽ പതിനായിരക്കണക്കിന് രൂപയ്ക്കുള്ള മരുന്നുകൾ പോകുന്നുവെന്നുപറഞ്ഞത് ശരിയല്ലെന്നു സൂചിപ്പിക്കാൻ വേണ്ടിയാണ് ഞാൻ ഏകദേശം 1500 രൂപയുടെ മരുന്ന് ആണ് സപ്ലൈ ചെയ്യുന്നതെന്നു പറഞ്ഞത്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: മലബാർ ഭാഗത്തു ഗവൺമെന്റു പുതിയതായി ആയുർവ്വേദാശുപത്രികളൊന്നും തുറന്നിട്ടില്ല, അവിടെയുണ്ടായിരുന്ന ഡിസ്പെൻസറികൾ ഗവൺമെന്റ് ഏറ്റെടുക്കുകയാണ് ചെയ്തിട്ടുള്ളത്. കണ്ണൂർ ജില്ലാ വികസന സമിതി കൂടി തീരുമാനം എടുത്തിരുന്ന ആ ഭാഗത്തു അനുവദിക്കാൻ ഉദ്ദേശിച്ചിരുന്ന ഡിസ്പെൻസറി ഇനി സ്ഥാപിക്കുകയില്ലെന്നുള്ള ഗവൺമെന്റിന്റെ തീരുമാനം ശരിയാണോ? ഗവൺമെന്റിന്റെ തീരുമാനം ഒന്നുകൂടി പുനഃപരിശോധനചെയ്ത് അത്തരം സ്ഥലങ്ങളിൽ പുതിയ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: നാലു ഡിസ്ട്രിക്ടുകളിലായി 36 ഡിസ്പെൻസറികൾ തുറന്ന നിലയ്ക്ക് ഈ സാമ്പത്തികവർഷത്തിൽ വേറെ ഒരു ഡിസ്പെൻസറിയും പുതിയതായി തുറക്കുന്നില്ലെന്നാണ് പറഞ്ഞത്. മലബാറിൽനിന്നും ഏറ്റെടുത്ത ഡിസ്പെൻസറികൾ, ഏറ്റെടുത്തുപോകുമ്പോൾ അതിനാവശ്യമായ സജ്ജീകരണങ്ങളെല്ലാം വരുത്തിയത് ഗവൺമെന്റ് നിലവാരത്തിലാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): മലബാർ പ്രദേശത്ത് അപ്ഗ്രേഡ് ചെയ്ത ആയുർവ്വേദ ഡിസ്പെൻസറികളിൽ യാതൊരു വിധത്തിലുള്ള സൗകര്യങ്ങളും ചെയ്തിട്ടില്ലെന്നും ആവശ്യമായ രീതിയിൽ മരുന്നു വിതരണം നടത്തുന്നില്ലെന്നുമുള്ള ആരോപണം ഉണ്ടായിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനാവശ്യമായനടപടികളെടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: അതിനുള്ള നടപടികളും എടുത്തുതുടങ്ങുന്നതേയുള്ളൂ.

ശ്രീ. ഇ. വി. കുമാരൻ: ആയുർവ്വേദ ചികിൽസയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ചികൽസ പിഴിച്ചിൽ നടത്തുന്നതാണ്. എല്ലാ ജില്ലാ ആയുർവ്വേദാശുപത്രിയിലും പിഴിച്ചിൽ വിഭാഗം സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: എല്ലാ ആശുപത്രികളിലും പിഴിച്ചിൽ വിഭാഗം സംഘടിപ്പിക്കുവാൻ സാധിക്കുമോയെന്ന് സംശയമാണ്. എങ്കിലും ജില്ലാ നിലവാരത്തിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽ അവ ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. എം. കെ. എ. ഹമീദ്: എറണാകുളത്തു ചേരനല്ലൂർ ആയുർവ്വേദ ആശുപത്രിയുടെ കെട്ടിടം പണി കഴിഞ്ഞിരിക്കുകയാണ്. അതു ഉൽഘാ

LIBRARY ARCHIVES Kerala Legislative Assembly

ടനം ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ടമന്ത്രിയെ ക്ഷണിച്ചപ്പോൾ സൗകര്യ മുള്ള ദിവസം അറിയിക്കാമെന്ന് പറഞ്ഞു. ഇന്നുവരെ അതിന് സൗകര്യം കിട്ടി യതായി അറിയിച്ചിട്ടില്ല. ഇനി എന്നത്തേക്ക് സൗകര്യം കിട്ടുമെന്ന് പറയാമോ?

മി:സ്പീക്കർ: എന്നെയും ഒരു ആയുർവ്വേദാശുപത്രി ഉൽഘാടനം ചെയ്യാൻ ക്ഷണിച്ചിട്ടുണ്ട്. ഇന്നുവരെ സൗകര്യം കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൃശ്ശൂർ ഡി. ഡി. സി. ശുപാർശ ചെയ്തിരുന്ന തളിക്കുളം ആയുർവ്വേദാശുപത്രി വേണ്ടെന്ന് വച്ചത് ഡി. ഡി. സി. വേണ്ടെന്നു പറഞ്ഞതുകൊണ്ടാണെന്നു പറഞ്ഞു. എന്നാൽ ഡി. ഡി. സി. യുടെ നേരത്തെയുള്ള തീരുമാനപ്രകാരം തളിക്കുളത്തുതന്നെ ആയുർവേദാ ശുപത്രി തുടങ്ങാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്ജ്: തളിക്കുളത്തു തുടങ്ങണമെന്ന് ഡി. ഡി. സി. ശുപാർശചെയ്യുന്നുവെങ്കിൽ തീരുമാനിക്കാവുന്നതാണ്.

ശ്രീ. പി. കെ. രാഘവൻ: അച്ചൻകോവിലിൽ ഇതിനുമുമ്പ് ഒരു ആയുർ വ്വേദ ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അത് അലോട്ട് ചെയ്തതിനുശേഷം ഇന്നു വരെ പ്രവർത്തിച്ചിട്ടില്ല. അവിടെപോയി അന്വേ ഷിച്ചിട്ട് യാതൊരു വിവരവും ലഭിച്ചിട്ടില്ല. ആ ഡിസ്പെൻസറി ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നത്? മാറ്റി പ്രവർത്തിപ്പിക്കാൻ കാരണം എന്താണ്?

ശ്രീ. കെ. എം. ജോർജ്: നോട്ടീസു വേണം.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: പാലക്കാട് ജില്ലയിൽ കരിമ്പനയിൽ പൊൻപാറ എന്ന സ്ഥലത്ത് ഒരു ഡിസ്പെൻസറി തുടങ്ങാൻ നാട്ടുകാർ സ്ഥല സൗകര്യം കൊടുക്കാമെന്നു പറഞ്ഞിട്ടും ഇതുവരെയും തുടങ്ങിയിട്ടില്ലെന്നറി യാമോ?

ശ്രീ. കെ. എം. ജോർജ്: നോട്ടീസ് വേണം.

ശ്രീ. പി. എസ്. നമ്പൂതിരി: തൃശ്ശൂർ ജില്ലയിൽ നാട്ടികയിൽ ഒരു പുതിയ ആയുർവ്വേദ ഡിസ്പെൻസറി തുടങ്ങാമെന്ന് പറഞ്ഞിട്ടും ഇതുവരെയും തുടങ്ങിയിട്ടില്ല. അതുപോലെതന്നെ കൊടകരയുള്ള ആയുർവ്വേദാശുപത്രിയിൽ ബഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കാമെന്നു പറഞ്ഞിട്ടും ഇതുവരെയും ചെയ്തിട്ടില്ല. ഇതിനെല്ലാം ഉള്ള കാരണം എന്താണ്?

ശ്രീ. കെ. എം. ജോർജ്ജ്: നോട്ടീസു വേണം.

വെടിവയ്പും ലാത്തിച്ചാർജും

* 167 (611) ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്
,, പി. എസ്. നമ്പൂതിരി
,, പി. എസ്. ശ്രീനിവാസൻ
,, ഈ അഹമ്മദ്
,, പി. കെ. രാഘവൻ
,, പി. എം. അബൂബേക്കർ
,, ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967 മാർച്ചു മുതൽ 1969 ഒക്ടോബർവരെ കേരളത്തിൽ എത്ര വെടിവയ്പും, ലാത്തിച്ചാർജും ഉണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly